**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2171**
**26.03.2013- ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

**ചോദ്യം**
**ശ്രീ. കെ. അജിത്**

**ഉത്തരം**
**ശ്രീ. കെ.എം. മാണി**
**(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)**

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ നടപ്പാക്കുമ്പോൾ ഏതെങ്കിലും വിഭാഗത്തെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | 07.01.2013 ലെ സ.ഉ. (പി) നം. 20/13/ധന നം. ഉത്തരവ് പ്രകാരം 01.04.2013 മുതൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്കാണ് ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത്. ടി ഉത്തരവിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും വിഭാഗത്തെ പദ്ധതിയിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | ഈ പദ്ധതി നടപ്പാക്കുമ്പോൾ പ്രതിമാസം എത്ര തുക സർക്കാരിന് ബാദ്ധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ ; | 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ഓരോ ജീവനക്കാരന്റെയും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10% തുകയാണ് സർക്കാരിന് അധിക ബാധ്യതയാകുന്നത്. ഇത് സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ എണ്ണത്തിന്റെയും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും അടിസ്ഥാനത്തിൽ മാത്രമേ കൃത്യമായി നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ. 10% സർക്കാർ വിഹിതം അടയ്ക്കണമെന്നുള്ളതിനാൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ ഇത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെങ്കിലും ദീർഘകാല |
| (സി) | ഈ അധിക ബാദ്ധ്യത സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ ഈ പദ്ധതി വഴി സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി തകർന്നുപോകാതെ പരിരക്ഷിക്കുവാൻ കഴിയും. പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമുള്ള ചെലവുകൾ 2001-02 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷത്തിൽ നാലര ഇരട്ടിയിലധികം വർദ്ധിച്ച സാഹചര്യം കണക്കിലെടുക്കുമ്പോൾ ഹ്രസ്വകാലത്തേക്ക് സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത തുച്ഛമായതിനാൽ വികസന പ്രവർത്തനങ്ങളെ ഇത് ബാധിക്കില്ല. |

സെക്ഷൻ ഓഫീസർ.